7344
17/4/19

കേരള സർക്കാർ

"ഭരണഭാഷ – മാതൃഭാഷ"

പാ.കാ.വ–ബി1/27/2019/പാ.കാ.വ

പാർലമെന്ററികാര്യ (ബി) വകുപ്പ്
തിരുവനന്തപുരം
തീയതി : 09/04/2019

## സർക്കുലർ

വിഷയം : പാർലമെന്ററി കാര്യ വകുപ്പ് – 14-ാം കേരള നിയമസഭ – ഹർജികൾ സംബന്ധിച്ച സമിതി (2016–19) – രണ്ടാമത് റിപ്പോർട്ട് – പ്രധാന ശിപാർശകൾ/നിർദ്ദേശങ്ങൾ – സംബന്ധിച്ച്.

സൂചന : നിയമസഭാ സെക്രട്ടറിയുടെ 21/01/2019–ലെ 16209/ഹർജി സി3/2018/നി.സെ നമ്പർ കത്ത്

-----

നിയമസഭയുടെ മുമ്പാകെ സമർപ്പിക്കപ്പെടുന്ന ഹർജികൾ പരിശോധിച്ച് സഭയിൽ റിപ്പോർട്ട് സമർപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഹർജികൾ സംബന്ധിച്ച സമിതി രൂപീകൃതമായിട്ടുള്ളത്. സമിതി മുമ്പാകെ സമർപ്പിക്കപ്പെടുന്ന ഹർജികളിന്മേൽ സർക്കാരിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കി അവ പരിശോധിച്ച് പ്രശ്നപരിഹാരത്തിനായി ശിപാർശകളും/നിർദ്ദേശങ്ങളും ഗവൺമെന്റിന് നല്കുക എന്നതാണ് സമിതിയുടെ പ്രധാന ചുമതല. സമിതിയ്ക്ക് ലഭിക്കുന്ന ഹർജികളിന്മേൽ അവയുടെ പ്രാധാന്യമനുസരിച്ച് ചട്ടങ്ങൾ പ്രകാരം ഒരു മാസത്തിനകം റിപ്പോർട്ട് ലഭ്യമാക്കണമെന്നും അടിയന്തര സ്വഭാവമുള്ള ചില ഹർജികളിന്മേൽ പതിനഞ്ച് ദിവസത്തിനകം റിപ്പോർട്ട് നല്കണമെന്നുമാണ് സമിതി ബന്ധപ്പെട്ട വകുപ്പുകളോട് ആവശ്യപ്പെടുന്നത്. എന്നാൽ അടിയന്തര റിപ്പോർട്ടിനായി അയയ്ക്കുന്ന ഹർജികൾ ലാഘവത്തോടെ കൈകാര്യം ചെയ്തുവരുന്ന രീതി വളരെ ഗൗരവതരമാണെന്ന് സമിതി ഓർമ്മിപ്പിക്കുന്നു. 2017 ജനുവരി 1 മുതൽ 2017 ഡിസംബർ 31 വരെയുള്ള കാലയളവിൽ ഹർജികൾ സംബന്ധിച്ച സമിതിയുടെ പരിഗണനയ്ക്ക് വന്ന ഹർജികളെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങളും ശിപാർശകളും അടങ്ങുന്നതാണ് സൂചന കത്ത് പ്രകാരം നിയമസഭാ സെക്രട്ടറി ലഭ്യമാക്കിയ ഹർജികൾ സംബന്ധിച്ച സമിതി (2016–19) യുടെ രണ്ടാമത് റിപ്പോർട്ട്. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ, താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാൻ എല്ലാ ഉദ്യോഗസ്ഥരും അതീവ ശ്രദ്ധ പുലർത്തേണ്ടതാണ്.

1. സമിതിയുടെ ശിപാർശകൾ/നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പിലാക്കി റിപ്പോർട്ട് നല്കുന്നതിന് ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

2. സമിതി യോഗങ്ങളിൽ പങ്കെടുക്കുന്ന ഉദ്യോഗസ്ഥർ ഹർജി വിഷയങ്ങൾ ആഴത്തിൽ പഠിച്ച് പരിഹാരങ്ങൾ നിർദ്ദേശിക്കുവാൻ ശ്രമിക്കുന്നില്ലെന്ന് സമിതി വിലയിരുത്തുന്നതിനാൽ സമിതി യോഗങ്ങളിൽ പങ്കെടുക്കുന്ന ഉദ്യോഗസ്ഥർ വേണ്ടത്ര ഗൃഹപാഠം ചെയ്ത് പരിഹാര നിർദ്ദേശങ്ങളുമായിട്ടായിരിക്കണം യോഗത്തിൽ ഹാജരാകേണ്ടത്.

3. സമിതി (2016-19) യുടെ തെളിവെടുപ്പ് യോഗങ്ങളിൽ ഒന്നിൽ പോലും പങ്കെടുക്കാത്ത വകുപ്പ് സെക്രട്ടറിമാരുണ്ടെന്നത് സമിതി ഗൗരവത്തോടെ വീക്ഷിക്കുന്നതിനാൽ സമിതിയുടെ തെളിവെടുപ്പ് യോഗങ്ങളിൽ വകുപ്പ് സെക്രട്ടറിമാർ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

4. സമിതിയുടെ ജില്ലാതല യോഗങ്ങളിൽ ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥർ പലപ്പോഴും പങ്കെടുക്കുന്നില്ലെന്ന് സമിതി വിലയിരുത്തുന്നതിനാൽ ജില്ലാതല യോഗങ്ങളിൽ ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തേണ്ടതാണ്.

5. നിയമസഭാ സമിതികളുടെ യോഗങ്ങളിൽ ബന്ധപ്പെട്ട ഉന്നത ഉദ്യോഗസ്ഥർ നിർബന്ധമായും പങ്കെടുക്കേണ്ടതാണെന്നും ഒഴിവാക്കാനാകാത്ത കാരണങ്ങളാൽ പങ്കെടുക്കാൻ സാധിക്കാതെ വരുകയാണെങ്കിൽ അക്കാര്യം നിയമസഭാ സെക്രട്ടറിയെ മുൻകൂട്ടിത്തന്നെ അറിയിക്കേണ്ടതാണെന്നുമുള്ള 22/12/2018-ലെ പാകാവ-ബി1/162/2018-പാകാവ നമ്പർ സർക്കുലറിലെ നിർദ്ദേശം കർശനമായി പാലിക്കേണ്ടതാണ്. മതിയായ കാരണമില്ലാതെ സമിതി യോഗങ്ങളിൽ ഹാജരാകാത്ത ഉദ്യോഗസ്ഥർക്കെതിരെ കടുത്ത അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

6. നിയമസഭാ സമിതിയിൽ ലഭിക്കുന്ന ഹർജികളും സമിതിയുടെ ശിപാർശകളും അർഹമായ പരിഗണന നൽകി സമയബന്ധിതമായി റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നതിനാൽ സമിതിയ്ക്ക് റിപ്പോർട്ട് നല്കുന്നതിനും, മറ്റ് അനുബന്ധ പ്രവർത്തനങ്ങളും നിർവ്വഹിക്കുന്ന തസ്തികകൾ യാതൊരു കാരണവശാലും ഒഴിച്ചിടുവാൻ പാടില്ലാത്തതാണ്.

ടോം ജോസ്. IAS
ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/
സെക്രട്ടറിമാർക്കും /സ്പെഷ്യൽ സെക്രട്ടറിമാർക്കും
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും
സെക്രട്ടറി, കേരള നിയമസഭ (ആമുഖ കത്ത് സഹിതം)
എല്ലാ ജില്ലാ കളക്ടർമാർക്കും എല്ലാ വകുപ്പ് മേധാവികൾക്കും
വെബ് ആന്റ് ന്യൂ മീഡിയ (ഗവൺമെന്റ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ